LIBRARY ARCHIVES Kerala Legislative Assembly

പറമ്പിക്കുളം കരിയാർകുറ്റി കോളനിയിലെ ഭവനപദ്ധതി

299 (2537) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബെംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം കരിയാർകുറ്റി കോളനിയിലെ ഭവന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) കരിയാർകുറ്റി കോളനിയിൽ നിലവിൽ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത് , എത്രയെണ്ണം പൂർത്തീകരിച്ചു, ഇതിനായി അനുവദിച്ച ഫണ്ട് എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) പറമ്പിക്കുളം കരിയാർകുറ്റി കോളനിയിൽ പി.വി.റ്റി.ജി. മുഖാന്തരം പട്ടികവർഗ്ഗക്കാർക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) 56 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. ഇവയുടെയെല്ലാം ഗ്ലാസ് ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി 2225-02-794-92 (പ്ലാൻ) ശീർഷകത്തിൽ നിന്നും നാളിതുവരെ 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

300 (2538) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബെംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ഏതൊക്കെ പുതിയ പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത് എന്നതിന്റെ വിശദവിവരം നൽകാമോ ;

(സി) ഇവയിൽ എത്ര പദ്ധതികൾ നടപ്പാക്കിയെന്നും, എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടായെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നടത്തിപ്പ് സ്ഥലം എം.എൽ.എ. ചെയർമാനായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തി വരുന്നത്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന തുക പ്രസ്തു മേഖലകളിൽത്തന്നെ പൂർണ്ണമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ഉൾപ്പെടുത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി:

  2013-14 വർഷം മുതൽ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി നടപ്പാക്കി വരുന്നു.

- ജനനി ജന്മരക്ഷ :

പട്ടികവർഗ്ഗക്കാരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി അമ്മമാർക്ക് ഗർഭകാലത്ത്-മൂന്നാം മാസം മുതൽ കുട്ടി ജനിച്ച് ഒരു വയസ്സുവരെ പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് ജനനി-ജന്മരക്ഷ.

- ഗോത്ര സാരഥി:

14 വയസ്സ് വരെയുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുന്ന വ്യവസ്ഥ നിലവിലുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിലൂടെ ഉൾവനത്തിലും വനാന്തര പ്രദേശങ്ങളിലും താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാനുള്ള വാഹന സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

ഇതേസമയം 2013-14-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് (ട്രി.ആർ.ഡി.എം.) വകയിരുത്തിയ 20 കോടി രൂപയിൽ നിന്ന് 15 കോടി രൂപ വിനിയോഗിച്ച് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി 10 ലക്ഷം രൂപയിൽ കവിയാതെയുള്ള തുകയ്ക്ക് വാങ്ങി നൽകുന്ന 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി ഈ വർഷവും നടപ്പിലാക്കി വരുന്നു.

(സി) 2013-14 വർഷം ആരംഭിച്ച പുതിയ 4 പദ്ധതികളും നടപ്പിലാക്കുകയും ഇപ്പോഴും തുടർ പദ്ധതികളായി നടപ്പിലാക്കി വരികയും ചെയ്യുന്നു. ജനനി ജന്മരക്ഷ പദ്ധതിമൂലം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനും തജ്ജന്യമായ ശിശു മരണങ്ങൾ കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്. ഗോത്രസാരഥി പദ്ധതിമൂലം വനത്തിനുള്ളിലും വനാന്തര പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികളെ സ്കൂളിൽ എത്തിക്കുവാനും കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും സാധിച്ചു. ഹാംലെറ്റ് വികസന പദ്ധതിമൂലം തെരഞ്ഞെടുത്ത ഹാംലെറ്റുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചു. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസമിഷൻ മുഖേന 345 ഗുണഭോക്താക്കൾക്ക് 154.43 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുവർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly